# SNDP LP SCHOOL IRIMPANAM




# Academic Master Plan

# 2025 - 26

# ഉള്ളടക്കം


- ആമുഖം
- ആശയങ്ങൾ
- ലക്ഷ്യങ്ങൾ
- അടിസ്ഥാന വിവരങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- അക്കാദമികം
- ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ്.എൻ.ഡി.പി.എൽ.പി.എസ് ഇരുമ്പനം. |
| വിലാസം | : | ഇരുമ്പനം പി.ഒ, ഇരുമ്പനം, തൃപ്പൂണിത്തുറ എറണാകുളം ജില്ല, |
| ഫോൺ | : | |
| സ്കൂൾ കോഡ് | : | 26417 |
| വിദ്യാഭ്യാസ ഉപജില്ല | : | തൃപ്പൂണിത്തുറ |
| വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി.ആർ.സി | : | തൃപ്പൂണിത്തുറ |
| സി.ആർ.സി | : | |
| ഗ്രാമപഞ്ചായത്ത് | : | മുനിസിപ്പാലിറ്റി, തൃപ്പൂണിത്തുറ |
| നിയമസഭാമണ്ഡലം | : | പിറവം |
| താലൂക്ക് | : | കണയന്നൂർ |
| വില്ലേജ് | : | തിരുവാങ്കുളം |
| ഇ-മെയിൽ | : | sndplps@gmail.com |
| ക്ലാസുകൾ | : | പ്രീ-പ്രൈമറി, ഒന്നു മുതൽ നാല് വരെ |
| മാനേജ്മെന്റ് | : | എയ്ഡഡ് |
| പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

1968 ൽ തൃപ്പൂണിത്തുറ രാജാപ്രസ്സ് ഉടമ കൃഷ്ണൻ മാനേജരായി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. കൊച്ചി എസ്.എൻ.ഡി.പി 361-ാം ശാഖയുടെ കീഴിലാണ് പ്രവർത്തനം ആരംഭിച്ചത്. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ സീപോർട്ട്- എയർപോർട്ട് റോഡിന്റെ വശത്ത് പൊന്നിൻ ചേരിമുകൾ സുബ്രഹ്മണ്യ ക്ഷേത്രത്തിനോട് ചേർന്നാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.

നിലവിലെ അവസ്ഥാവിശകലനം :-

ഭൗതികം - നേട്ടങ്ങൾ :

MLA ഫണ്ട് ഉപയോഗിച്ച് കുട്ടികൾക്കായി ഒരു ടോയ്ലറ്റ് ബ്ലോക്ക് നിർമ്മിച്ചു. പി.ടി.എ നടത്തുന്ന പ്രീ-പ്രൈമറി കുട്ടികൾക്കായി ഡസ്ക് / ബെഞ്ച് പണിതു. സ്കൂൾ മുറ്റത്തെ അരയാലിനു ചുറ്റുമതിൽ കെട്ടി ഭംഗിയാക്കി.

പരിമിതികൾ :-

Multimedia class room ഇല്ല. ക്ലാസ്സ്മുറികൾ ടൈൽ വർക്ക് ചെയ്യുക. സ്കൂൾ ഹരിതാഭമാക്കുക. അടുക്കളയുടെ ഫ്ളോർ ടൈൽ ഒട്ടിക്കുക. കാലങ്ങളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഡസ്ക് / ബെഞ്ച് എന്നിവയ്ക്ക് പകരം ആകർഷകമായ 3 seater wooden desk bench എന്നിവ നൽകി ക്ലാസ്സ് റൂമുകൾ ഹൈടെക് ആക്കുക.

വിദ്യാലയം മികവിന്റെ കേന്ദ്രം :-

- "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെ സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയുക.
- പഠനം - പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

- ജീവിത മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിക്കുന്നതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും എല്ലാ ക്ലാസ്സിലെ കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന് അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും പ്രാപ്തമാക്കൽ.

പദ്ധതി രൂപീകരണ പ്രക്രിയ :-

→ SRG യോഗത്തിൽ SNDP LPS IRIMPANAM എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

→ വികസനാവശ്യങ്ങൾക്ക് ക്ലാസ്സ്, വിഷയം അടിസ്ഥാനത്തിൽ ഭൗതികം, സാമൂഹികം, അക്കാദമികം, എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

→ കരട് രൂപരേഖ SRG, PTA, MPTA ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

→ PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

49 വർഷം പഴക്കമുള്ള ഒരു കൊച്ചു വിദ്യാലയമാണ് എസ്. എൻ. ഡി. പി. എൻ. പി. സ്കൂൾ ഇരുമ്പനം. പ്രീ-പ്രൈമറി മുതൽ 4-ാം സ്റ്റാൻഡേർഡ് വരെയുള്ള ക്ലാസുകളാണ് ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നത്.

ഓരോ ക്ലാസിലെയും കുട്ടികളുടെ എണ്ണം താഴെ കൊടുക്കുന്നു.

പ്രീ-പ്രൈമറി - 5
I - 8
II - 9
III - 4
IV - 11

അനുവദിക്കപ്പെട്ട 4 അധ്യാപകരും ഉച്ചഭക്ഷണം പാചകം ചെയ്യുന്ന ഒരാളും പ്രീ-പ്രൈമറിയിൽ പഠിപ്പിക്കുന്നതിന് പി.ടി.എ നിയമിച്ച ഒരു അധ്യാപികയുമാണ് ഇപ്പോൾ സ്കൂളിൽ നിലവിലുള്ളത്.

എട്ട് ക്ലാസ് മുറികളും, ഓഫീസ് റൂം, അടുക്കള, സ്റ്റോർ റൂം, രണ്ട് ടോയ്‌ലറ്റ് കുട്ടികൾക്കാവശ്യമുള്ള ബെഞ്ച്, ഡസ്ക്, ക്ലാസ് റൂമിൽ ഫാൻ, ലൈറ്റ് എല്ലാ ക്ലാസിലും ബോർഡ് തുടങ്ങിയവയുമുണ്ട്.

പ്രതീക്ഷിത നേട്ടങ്ങൾ:-

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ വിദ്യ പഠനാന്തരീക്ഷം ഒരുങ്ങുന്നു.
- സ്കൂൾ സമൂഹത്തിൽ ഉന്നത ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിപ്പിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

മോണിറ്ററിംഗ് രീതി:-

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് രീതി സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി [പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി, ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തി.] നടപ്പിലാക്കണം.
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം/പ്രിൻസിപ്പൽ എസ്.ആർ.ജി കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

# അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രവർത്തനം 1 വായ്! ഇംഗ്ലീഷ് ഓരോ ക്ലാസിന്റെയും നിലവാരത്തിനനു യോജ്യമായ കുട്ടിയെ ഉണ്ടാക്കൽ. | വർഷാരംഭത്തിൽ pre test പിന്നോക്കക്കാർക്കു വേണ്ടി ക്ലാസ് [പ്രത്യേകം] | ആരംഭത്തിൽ ദിവസവും. | class teacher |
| പ്രവർത്തനം 2 ഇംഗ്ലീഷ് അസംബ്ലി. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കൽ. | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 2 തവണ | |
| പ്രവർത്തനം 3 ഇംഗ്ലീഷ് വർക്ക്ഷോപ്പ് ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | കുട്ടികളുടെ ഇംഗ്ലീഷ് രചനകളുടെ പതിപ്പ്. | 6 മാസത്തിൽ ഒന്ന് | SRG |
| പ്രവർത്തനം 4 മലയാളത്തിളക്കം. അതാതു ക്ലാസ്സിലെ നിലവാരത്തിനനു യോജ്യമായി കുട്ടിയെ ഉണ്ടാക്കൽ | പിന്നോക്കക്കാർക്കു വേണ്ടി ക്ലാസ്സ് [പ്രത്യേകം] | വർഷാരംഭം മുതൽ | ചുമതലയുള്ള teacher |
| പ്രവർത്തനം 5 അക്ഷര അസംബ്ലി അക്ഷര വ്യക്തത വരുത്തൽ | അക്ഷരത്തെ അസംബ്ലിയിൽ ചാർട്ടിൽ എഴുതി പരിചയപ്പെടുത്തൽ | ആഴ്ചയിൽ 1 | |
| പ്രവർത്തനം 6 കാര്യക്ഷമമായ പത്രപാരായണവും ലെ അറിവുകൾ പരിചയപ്പെടുത്തലും വായനയും. | വാർത്താവായന [അസംബ്ലിയിൽ] വായിച്ച വാർത്തകൾ മറ്റുള്ളവർക്ക് പരിചയപ്പെടുത്തൽ. | ആഴ്ചയിൽ | |

| | | | |
|---|---|---|---|
| പ്രവർത്തനം-7 കലാപ്രദർശനം നാടകം, നാടൻ പാട്ട് തുടങ്ങിയ ഏതെങ്കിലും ഒരു കലാരൂപം അവതരണം | | വർഷത്തിലൊരിക്കൽ. | |
| പ്രവർത്തനം-8 ഗണിതോപകരണങ്ങൾ കൊണ്ടുള്ള പ്രവർത്തനങ്ങൾ | വിരസതയും കാഠിന്യവും ലഘൂകരിച്ച് ഗണിതം രസകരമാക്കുന്നതിലൂടെ വിദഗ്ധരുടെ ക്ലാസ്സുകൾ. | അനുയോജ്യമായ കാലയളവ്. | PTA, SRG |
| പ്രവർത്തനം 9 ഒറിഗാമി ശില്പശാല രസകരമായ ഗണിത പഠനത്തിന് ഭാവനശേഷിയുടെ വികാസം | ഒറിഗാമിയിലൂടെ വിവിധ രൂപങ്ങളുടെ നിർമാണം അവയുടെ സവിശേഷതകൾ അറിയൽ | ടേമിൽ 1 | SRG SSG |
| പ്രവർത്തനം 10 ശാസ്ത്രം - രസകരം ശാസ്ത്രപഠനം രസകരമാക്കൽ | വീഡിയോ പാഠങ്ങൾ പരീക്ഷണ ക്ലാസ്സുകൾ തുടങ്ങിയവയിലൂടെ ശാസ്ത്രപഠനം | ആവശ്യാനുസരണം | SRG |
| പ്രവർത്തനം 11 ശാസ്ത്രയാത്രകൾ ശാസ്ത്രപഠനം യാത്രയിലൂടെ | മംഗളവനം, മറൈൻ മ്യൂസിയം തുടങ്ങിയ സ്ഥാപനങ്ങളിലേക്കുള്ള യാത്രകൾ. | വർഷത്തിലൊരിക്കൽ | SRG |
| പ്രവർത്തനം 12 വിവിധ ക്ലബ്ബുകൾ സ്കൂൾ പ്രവർത്തനത്തിന് അനുയോജ്യമായ ക്ലബ്ബുകളുടെ പ്രവർത്തനം | കൺവീനർമാരുടെ മേൽനോട്ടത്തിൽ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്ത് ക്ലബ്ബ്, ക്യാമ്പ്, ബുള്ളറ്റിനുകൾ | ആവശ്യാനുസരണം | SRG |
| പ്രവർത്തനം 13 വായനയിലൂടെ പ്രാവീണ്യം നേടി ഉപയോഗം കാവ്യ കഥാരചനകൾ | ക്ലാസ്സ് റൂം / സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ, കൃത്യമായ വിതരണവും വായനയും ഉറപ്പാക്കൽ | വർഷം മുഴുവൻ | SRG |

| | | | |
|---|---|---|---|
| പ്രവർത്തനം 14 ആരോഗ്യ കായിക പരിശീലനം | മാസത്തിലൊരിക്കൽ പ്ലേഗ്രൗണ്ടിൽ എല്ലാ കുട്ടികൾക്കും കളിക്കാനവസരം [ലഘുഭക്ഷണം] | മാസത്തിലൊരിക്കൽ | PTA, SRG Sponser |
| പ്രവർത്തനം 15 IT പരിശീലനം | 4-10 ക്ലാസ്സ് പഠിക്കുന്ന കുട്ടികൾ കമ്പ്യൂട്ടർ ഉപയോഗിക്കാൻ പ്രാപ്തരായിരിക്കണം | ആഴ്ചയിൽ രണ്ട് | |
| പ്രവർത്തനം 16 ദിനാചരണം വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ. | ആവശ്യാനുസരണം | |
| പ്രവർത്തനം 17 പൂർവാധ്യാപക വിദ്യാർത്ഥി സംഗമങ്ങൾ | പൂർവാധ്യാപക വിദ്യാർത്ഥി സംഗമങ്ങൾ വിളിച്ചു ചേർത്ത് അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ ഒരിക്കൽ | പി.ടി.എ |
| പ്രവർത്തനം 18 അങ്കണവാടി കലോത്സവം സൗഹൃദ പങ്കാളിത്തം ഉറപ്പാക്കൽ നവാഗതർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയ പരിസരത്തുള്ള അങ്കണവാടികളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരിക്കൽ | പി.ടി.എ. |
| പ്രവർത്തനം 19 ആരോഗ്യ കായിക വിനോദ ഉപാധി | കിഡ്സ് പാർക്ക് പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. മുറ്റം ഉയരം കൂട്ടി ട്രസ്സ് വർക്ക് ചെയ്യൽ. | ഒരു വർഷം | LSGD പി.ടി.എ |
| പ്രവർത്തനം 20 ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | SSG |

# ഉപസംഹാരം

നവംബറിൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ് വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നതാണ്. നാട്യങ്ങൾ ഒട്ടുമില്ലാത്ത നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മഹത്വവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രത്യാശിക്കുന്നു.